കവിത

സഈദ് ഹമദാനി വടുതല, ദമ്മാം

# മൊയ്തീൻ KSAയും അന്ത്രമാൻ TKയും ഡിഗ്രിക്കാരല്ല

മൊയ്തീൻ ഡിഗ്രിക്കാരനല്ല. പക്ഷേ, നല്ല അറിവുണ്ട്. അന്ത്രമാനും ഡിഗ്രിക്കാരനല്ല. പക്ഷേ, നല്ല അധ്വാനിയാണ്. ചുറുചുറുക്കും സംഘടനാപാടവവും. അവരുടെ ഗ്രാമങ്ങളിൽ ഉത്സവങ്ങളായിരുന്നു. കൂട്ടായ്മകളും കൃഷിയും അവരുടെ ഗ്രാമം സ്വർഗമാക്കി..

ഇവരുടെ മക്കൾ യു.കെ.ജിയിലും നാലിലും പഠിക്കുന്നു. ഈ കുരുന്നുകൾ കമ്പ്യൂട്ടറിലും മൊബൈലിലും വിരുതന്മാരാണ്. ഇത് പറയുമ്പോൾ ഇവരുടെ ഉമ്മമാർക്ക് ആയിരം നാവാണ്. ഇത്ര ചെറുപ്പത്തിലേ ഐ.ടിയിൽ വൈദഗ്ധ്യം. വീട്ടിൽ കമ്പ്യൂട്ടറിലും മൊബൈലിലും സർവ സ്വാതന്ത്ര്യം.. പക്ഷേ, മൊയ്തീനും അന്ത്രമാനും ഡിഗ്രി ഇല്ല.. അവരുടെ തലമുറക്കും വയസ്സായി. ഗ്രാമത്തിൽ വല്ലാത്തൊരു നിശ്ശബ്ദത. എവിടെ ആ യുവത്വങ്ങൾ??

അരയാൽ തറയിലെ സൗഹൃദ കൂട്ടായ്മകളെ കുറിച്ച് കുഞ്ഞിളം കാറ്റ് ചോദിക്കുന്നു... ആമ്പൽ പൂക്കൾക്കിടയിലൂടെ അമ്പലക്കുളത്തിലെ വരാൽ മത്സ്യങ്ങൾ ഒഴിഞ്ഞ കുളപ്പടവുകളെ നോക്കി ചോദിക്കുന്നു... തീരത്തെ തഴുകിക്കൊണ്ട് കടലിലെ തിരമാലകളും പുഴയിലെ കുഞ്ഞോളങ്ങളും ചോദിക്കുന്നു... വീടിന്റെ ചുവരുകളും ഗ്രാമ മൈതാനങ്ങളും വഴിവക്കിലെ തണൽ മരങ്ങളും പള്ളിക്കൂട മുറ്റത്തെ ഞാവൽമരവും തൊടിയിലെ പൂക്കളും ഘനം തൂങ്ങുന്ന ഈ നിശബ്ദതയെക്കുറിച്ച് ചോദിക്കുന്നു... പരസ്പര നോട്ടവും വാക്കുകളുടെ കൈമാറ്റവും നഷ്ടപ്പെട്ട ഈ നിശബ്ദതയെക്കുറിച്ച്...

ബാല്യകാലത്തിലെ മോന്റെ തിണ്ണ നിരക്കങ്ങളിൽ മൊബൈൽ ഫോൺ കളിപ്പാട്ടം ആക്കിയപ്പോഴും അഞ്ച് വയസ്സ്കാരൻ മകന്റെ കമ്പ്യൂട്ടർ പാണ്ഡിത്യത്തെക്കുറിച്ച് അഹങ്കരിച്ചപ്പോഴും, കരുതിയില്ല ഈ ബാല്യ കൗമാര യുവത്വങ്ങളെ തടുത്ത് കൂട്ടി പിടിച്ചിരുത്തി വരിഞ്ഞ് കെട്ടി നിശബ്ദനാക്കാൻ ഈ ടെക്നോളജിക്ക് കഴിയും എന്ന്..!
ഇന്ന് സംസാരവും നേരിട്ടുള്ള സംസാരങ്ങളും നഷ്ടപ്പെട്ട ഇടവഴികളിലും, നടപ്പാതകളിലും നിശ്ശബ്ദ മൗനങ്ങളുടെ ഭീകരത നൃത്തം വയ്ക്കുന്നു... എങ്കിലും... ആഗോളീകരണത്തിന്റെ വിഷ ചഷകങ്ങൾ തട്ടി തെറിപ്പിച്ച് കുതറി ഓടുന്ന ചില ക്ഷുഭിത യൗവനങ്ങൾ, അണയാത്ത മൺ ചിരാതുകളായി പ്രതീക്ഷ നൽകുന്നു... പക്ഷേ മൊയ്തീനും, അന്ത്രമാനും ഡിഗ്രിക്കാരല്ല, പക്ഷേ... അവർക്ക് ജീവിക്കുന്ന ചുറ്റുപാടുകളെ കുറിച്ച് ബോധം ഉണ്ടായിരുന്നു... ■

Vol. No: 70 Issue No. 17 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla